മുദ്രകൾ

# മിനാരംവിരുദ്ധ കാമ്പയിൻ നേതാവ് ഇസ്‌ലാം സ്വീകരിച്ചു

**സമീപകാലത്ത്** വൻവിവാദം സൃഷ്ടിച്ച സ്വിറ്റ്സർലന്റിലെ 'മിനാരങ്ങൾ നിരോധിക്കുക' കാമ്പയിന് നേതൃത്വം നൽകിയ എസ്.വി.പിയുടെ പ്രമുഖ പ്രവർത്തകൻ ഡാനിയേൽ സ്‌ട്രൈഷ് ഇസ്‌ലാം സ്വീകരിച്ചതായി വാർത്ത. ഇസ്‌ലാംവിരുദ്ധ പ്രചാരണത്തിനു വേണ്ടി, ഇസ്‌ലാമിനെ പഠിക്കാനാരംഭിച്ചതാണ് ഡാനിയൽ സ്‌ട്രൈഷിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. മുഖ്യധാരാ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യാതിരുന്ന വാർത്ത, കാലിഫോർണിയയിലെ പത്രപ്രവർത്തകനും ഇസ്‌ലാമിക പ്രബോധകനുമായ ജാസൺ ഹംസ വാൻ ബൂം (Jason Hamza Van Boom) എഴുതിയ ലേഖനത്തിലൂടെയാണ് പുറത്തുവന്നത് (Member of the Swiss Political Party that pushed for Minarat Ban Converts to Islam- www.opednews.com, www.tikkun.org/daily, www.iccnc.org). പാകിസ്താനിലെ *ദ നാഷ്ൻ* പത്രവും വാർത്ത റിപ്പോർട്ട് ചെയ്യുകയുണ്ടായി (www.nation.com. pk/January 30-2010).



■ ഡാനിയേൽ സ്‌ട്രൈഷ്

മുസ്‌ലിം പള്ളികളിലെ മിനാരങ്ങൾ നിരോധിക്കണമെന്നാവശ്യപ്പെട്ട്, സ്വിറ്റ്സർലന്റിൽ ഉടനീളം കാമ്പയിൻ നടത്തിയ സ്വിസ് പീപ്പ്ൾസ് പാർട്ടി(എസ്.വി.പി)യിലെ പ്രമുഖ അംഗവും സ്വിസ് സൈന്യത്തിലെ പരിശീലകനുമായിരുന്നു ഡാനിയേൽ. എസ്.വി.പിയുടെ മിനാരം നിരോധന കാമ്പയിനിൽ നേതൃപരമായ പങ്ക് വഹിച്ച ഡാനിയേൽ തന്നെയാണ് പാർട്ടിക്ക് അത്തരമൊരു അജണ്ട നൽകിയതും. ഇസ്‌ലാംവിരുദ്ധ പ്രചാരണങ്ങൾക്ക്, ഇസ്‌ലാംഭീതിയുടെ വക്താക്കളായ മാധ്യമങ്ങളുടെ സഹായത്തോടെ സ്വിസ് ജനതയിൽ സ്വാധീനമുണ്ടാക്കിയെടുക്കാൻ പാർട്ടിക്ക് കഴിഞ്ഞു. വോട്ടെടുപ്പിൽ 42.5 ശതമാനം പേർ മിനാരം നിർമാണത്തെ അനുകൂലിച്ചപ്പോൾ 57.5 ശതമാനം മിനാരം നിരോധനത്തെ അനുകൂലിച്ചു.

ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെയുള്ള പ്രചാരണങ്ങൾക്ക് കൂടുതൽ തെളിവുകൾ ശേഖരിക്കാനാണ് ഡാനിയേൽ ഖുർആൻ പഠിക്കാൻ ആരംഭിച്ചത്. പക്ഷേ, അതിന്റെ ഫലം ഉദ്ദേശിച്ചതിൽനിന്ന് വിപരീതമായിരുന്നു. ഖുർആനിൽ ആകൃഷ്ടനായി വൈകാതെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു.

ക്രിസ്തുമത വിശ്വാസിയായ ഡാനിയേൽ സ്ഥിരമായി ബൈബിൾ വായിക്കുകയും ചർച്ചിൽ പോവുകയും ചെയ്യാറുണ്ടായിരുന്നു. ഇപ്പോൾ വ്യവസ്ഥാപിതമായി ഖുർആൻ പഠിക്കുകയും അഞ്ചു സമയത്തെ നമസ്കാരം നിർവഹിക്കുകയും ചെയ്യുന്ന അദ്ദേഹം ഇസ്‌ലാമിനെതിരെ താൻ നടത്തിയ പ്രവർത്തനങ്ങളിൽ അങ്ങേയറ്റം ലജ്ജിക്കുകയാണ്. യൂറോപ്പിലെ ഏറ്റവും മനോഹരമായ മുസ്‌ലിം പള്ളി സ്വിറ്റ്സർലന്റിൽ നിർമിക്കാനുള്ള തീരുമാനത്തിലാണ് ഇപ്പോൾ ഡാനിയേൽ. 'സിവിൽ കൺസർവേറ്ററി ഡെമോക്രാറ്റിക് പാർട്ടി' എന്ന പേരിൽ പുതിയ ഒരു സംഘടനയെ സജീവമാക്കാൻ അദ്ദേഹം രംഗത്തുണ്ട്.

"ക്രിസ്തുമതത്തിൽ ലഭിക്കാതിരുന്ന ജീവിതത്തിന്റെ യാഥാർഥ്യം ഇസ്‌ലാമിലാണ് എനിക്ക് കണ്ടെത്താനായത്. ജീവിതത്തെക്കുറിച്ച് ഉത്തരം കിട്ടാത്ത പല ചോദ്യങ്ങൾക്കും യുക്തിപൂർണമായ മറുപടി എനിക്ക് ലഭിച്ചത് ഇസ്‌ലാമിൽ നിന്നാണ്"– ഡാനിയേൽ സ്ട്രൈഷ് പറയുന്നു. ■

**മരണം**

# ഡോ. ഇസ്സുദ്ദീൻ ഇബ്റാഹീം

**യു.എ.ഇ** രാഷ്ട്രപിതാവ് ശൈഖ് സായിദിന്റെ സാംസ്കാരിക ഉപദേഷ്ടാവും പിന്നീട് പ്രസിഡൻഷ്യൽ അഫയേഴ്സ് മിനിസ്ട്രിയിലെ സാംസ്കാരിക ഉപദേഷ്ടാവുമായിരുന്നു ഈ അടുത്ത് അന്തരിച്ച ഡോ. ഇസ്സുദ്ദീൻ ഇബ്റാഹീം(82).



1928–ൽ കയ്റോവിലായിരുന്നു ജനനം. കയ്റോ യൂനിവേഴ്സിറ്റിയിൽനിന്ന് അറബി സാഹിത്യത്തിൽ ബിരുദമെടുത്തു. പിന്നീട് ലണ്ടനിൽനിന്ന് ഡോക്ടറേറ്റ് നേടി. ലിബിയ, സിറിയ, ഖത്തർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസരംഗത്ത് സേവനമനുഷ്ഠിച്ചു. രിയാദ് യൂനിവേഴ്സിറ്റിയിൽ അറബി സാഹിത്യത്തിൽ പ്രഫസറായിട്ടുണ്ട്.

ഇസ്‌ലാമിക രാജ്യങ്ങളിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾ മുൻനിർത്തി മലേഷ്യൻ യൂനിവേഴ്സിറ്റിയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിയ സേവനങ്ങൾ പരിഗണിച്ച് യു.കെയിലെ വെയിൽസ് യൂനിവേഴ്സിറ്റിയും അദ്ദേഹത്തെ ഡോക്ടറേറ്റ് നൽകി ആദരിച്ചു. 23–ലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആന്റെ ഇംഗ്ലീഷ് വിവർത്തനം ഏതാണ്ട് പൂർത്തീകരിച്ചെങ്കിലും പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മുൻ അമീർ മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബ്, കെ.സി അബ്ദുല്ല മൗലവി, മുഹമ്മദ് അബുൽ ജലാൽ മൗലവി, ടൊറണ്ടോ ഇസ്‌ലാമിക് സെന്റർ ഡയറക്ടർ ടി.കെ ഇബ്റാഹീം, *ഗൾഫ് മാധ്യമം* ചീഫ് എഡിറ്റർ വി.കെ ഹംസ അബ്ബാസ് തുടങ്ങിയവർക്ക് അദ്ദേഹവുമായി അടുത്ത ബന്ധമുണ്ടായിരുന്നു. യു.ഇ.എയിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനമായ അൽഐൻ എജുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്ത്യൻ വിദ്യാർഥികൾക്ക് അഥവാ കേരള വിദ്യാർഥികൾക്ക് പ്രവേശനം സാധ്യമായത് ഈ ബന്ധത്തിന്റെ പേരിലായിരുന്നു.

**അബ്ദു ശിവപുരം**

# വംശീയ സംഘർഷങ്ങളുടെ ഒടുവിലത്തെ ഇര



**മറ്റൊരു** ആഫ്രിക്കൻ നഗരത്തിനും അവകാശപ്പെടാനില്ലാത്ത സൗഭാഗ്യങ്ങളായിരുന്നു ജോസ് നഗരത്തിന്. യൂറോപ്യൻ കാലാവസ്ഥ. മനോഹരമായ പ്രകൃതിദൃശ്യങ്ങൾ. ഏത് വിനോദസഞ്ചാരിയും ഈ നഗരം വിട്ടുപോകാൻ മടിക്കും. അതൊക്കെ പഴങ്കഥ. ഇന്ന് ജോസ് ഒരു പ്രേതനഗരം പോലെ വിറങ്ങലിച്ചു നിൽക്കുകയാണ്. കഴിഞ്ഞ ജനുവരി അവസാനവാരത്തിൽ ഈ നൈജീരിയൻ നഗരത്തിൽ അരങ്ങേറിയ കൂട്ടക്കൊലയിൽ 553 പേരാണ് വധിക്കപ്പെട്ടത്. മിക്കവരും മുസ്‌ലിംകൾ. ഭരണകൂടം മുഴുനീള കർഫ്യൂ പ്രഖ്യാപിച്ചിട്ടും നാല് ദിവസം അക്രമികൾ നഗരത്തിൽ അഴിഞ്ഞാടി. ഇരുപതിനായിരത്തിലധികം പേർ പള്ളികളിലും ബാരക്കുകളിലുമായി അഭയം തേടിയിരിക്കുകയാണ്.

മത, വംശീയ സംഘർഷങ്ങൾ നൈജീരിയയിൽ ഒട്ടും പുതുമയുള്ളതല്ല. വംശീയവും മതപരവുമായ കാരണങ്ങളാൽ രാജ്യത്തിന്റെ തെക്കും വടക്കും ഭാഗങ്ങൾ തമ്മിൽ തീരെ സ്വരച്ചേർച്ചയിലല്ല. ഇത് വംശവെറിയന്മാരും മതതീവ്രവാദികളും മുതലെടുക്കുന്നു. ഈ സംഘർഷങ്ങൾക്കിടയിലും സൗഹൃദം കാത്തുപോന്നിരുന്നു മധ്യ നൈജീരിയയിലെ ജോസ് നഗരം.

മതമല്ല, രാഷ്ട്രീയക്കളിയും വംശീയ വികാരങ്ങളുമാണ് ജോസിലെ കൂട്ടക്കൊലക്ക് നിമിത്തമായതെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. പല മതക്കാരും വംശക്കാരും ഒന്നിച്ച് താമസിക്കുന്ന നഗരമാണിത്. ഈയടുത്ത കാലത്താണ് ഇവിടത്തെ തദ്ദേശീയരും മറ്റിടങ്ങളിൽനിന്ന് കുടിയേറിപ്പാർത്തവരും തമ്മിൽ സംഘർഷമുണ്ടാവുന്നത്. ഇബ്റാഹീം ബബൻഡിഗ എന്ന സൈനിക സ്വേഛാധിപതിയുടെ ഭരണകാലത്ത് മുസ്‌ലിം ഹൗസാ-ഫുലാനി വിഭാഗത്തിന് ഇവിടെ പ്രത്യേകം കോളനികൾ ഉണ്ടായിരുന്നു. ഇതാകാം തദ്ദേശീയരിൽ 'വടക്കുനിന്നുള്ള കുടിയേറ്റക്കാരെ'(മുസ്‌ലിംകൾ)ക്കുറിച്ച് സംശയങ്ങൾ ജനിപ്പിച്ചത്. അതേസമയം വേർതിരിവ് മതപരമാണെന്നും പറഞ്ഞുകൂടാ. ഹൗസാ-ഫുലാനി ഗോത്രങ്ങൾ ഒരു വശത്തും മറ്റു ഗോത്രങ്ങൾ മറുവശത്തും നിലയുറപ്പിച്ച് പോർവിളി മുഴക്കുകയാണ്. ഇത്തരം സംഘർഷങ്ങളാണ് ആഫ്രിക്കൻ രാഷ്ട്രങ്ങൾ പൊതുവിൽ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ■

# സിദ്ദിവിനായകും സേനാഭവനും ഹെഡ്‌ലി സന്ദർശിച്ചെന്ന്

**മുംബൈ** ആക്രമണത്തിന്റെ പേരിൽ ചിക്കാഗോയിൽ വിചാരണ നേരിടുന്ന ഡേവിഡ് കോൾമാൻ ഹെഡ്‌ലി മുംബൈയിലെ സിദ്ദിവിനായക് ക്ഷേത്രത്തിലും ശിവസേനാ

ആസ്ഥാനമായ സേനാഭവനിലും സന്ദർശനം നടത്തിയിരുന്നതായി റിപ്പോർട്ട്. കേസ് അന്വേഷണത്തിന്റെ ഭാഗമായി വിലാസ് വരക് എന്നൊരാൾ നൽകിയ മൊഴിയിലാണ് ഈ വെളിപ്പെടുത്തൽ ഉള്ളതെന്ന് പോലീസ് പറഞ്ഞു. തെക്കൻ മുംബൈയിലെ മോക്ഷ ജിംനേഷ്യത്തിൽ ഇൻസ്ട്രക്ടർ ആണ് വിലാസ് വരക്. ഈ ജിംനേഷ്യത്തിൽ അംഗമായിരുന്നു ഹെഡ്‌ലി. വരക് തന്നെയാണ് തന്റെ ബൈക്കിൽ സിദ്ദിവിനായക് ക്ഷേത്രത്തിലേക്കും സേനാ ഭവനിലേക്കും ഹെഡ്‌ലിയെ കൊണ്ടുപോയത്.

ഹെഡ്‌ലിയുമായി ബന്ധപ്പെട്ട മറ്റൊരാൾ മുംബൈ നിവാസിയായ ബഷീർ ശൈഖാണ്. ഹെഡ്‌ലിക്ക് താമസസൗകര്യം ഏർപ്പാടാക്കിയത് ഇയാളായിരുന്നു. എന്നാൽ ബഷീർ ശൈഖിനെതിരെ കേസെടുക്കാൻ തെളിവുകളൊന്നുമില്ലെന്ന് പോലീസ് പറഞ്ഞു. അനധികൃത കുടിയേറ്റത്തിന്റെ പേരിൽ 2005–ൽ അമേരിക്കയിൽനിന്ന് പുറത്താക്കപ്പെട്ടയാളാണ് ബഷീർ ശൈഖ്. ■

(*ദ ഹിന്ദു* 2010, ജനുവരി 29)